# കേരളസർവകലാശാല

നം.പി.ആർ.272/2021

## പത്രക്കുറിപ്പ്

### പിഎച്ച്.ഡി. രജിസ്ട്രേഷൻ – ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ ജനുവരി 2022 സെഷൻ പിഎച്ച്.ഡി. രജിസ്ട്രേഷന് ഒഴിവുള്ള വിഷയങ്ങളിൽ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. 2022 ജനുവരി 1 മുതൽ 15 വരെ സർവകലാശാലയുടെ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ (www.research.keralauniversity.ac.in) അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് റിസർച്ച് പോർട്ടൽ വെബ്സൈറ്റ് സന്ദർശിക്കുക. സർവകലാശാല ടീച്ചിംഗ് ഡിപ്പാർട്ട്മെന്റുകൾ ഇല്ലാത്ത വിഷയങ്ങളിൽ അപേക്ഷിച്ചവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധരേഖകളും ജനുവരി 16 ന് 5 മണിക്ക് മുൻപായി കേരളസർവകലാശാല രജിസ്ട്രാറിന് സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ ഫീസ് ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തേണ്ടതാണ്. (https://pay.keralauniversity.ac.in)

### പരീക്ഷാഫലം

കേരളസർവകലാശാല 2020 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എഫ്.എ. (എച്ച്.ഐ.) (ന്യൂസ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ജനുവരി 10. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഒക്ടോബർ നടത്തിയ പി.എച്ച്ഡി. കോഴ്സ്വർക്ക് പരീക്ഷയുടെ (ജൂലൈ 2021 സെഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. പുനഃപരിശോധനയ്ക്ക് 2022 ജനുവരി 7 വരെ അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷകൾ ഓരോ പേപ്പറിനും 525 രൂപ ഫീസ് അടച്ച് സി.എസ്.എസ്. ഓഫീസിൽ എത്തിക്കേണ്ടതാണ്.

### പരീക്ഷാഫീസ്

കേരളസർവകലാശാല 2022 ഫെബ്രുവരിയിൽ നടത്തുന്ന എസ്.ഡി.ഇ. ബി.എ. /ബി.എസ്സി. കമ്പ്യൂട്ടർസയൻസ് ബി.എസ്സി. മാത്തമാറ്റിക്സ്, ബി.കോം, ബി.സി.എ., ബി.ബി.എ., ബി.എൽ.ഐ.എസ്.സി. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ ഡിസംബർ 29 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് – സീറ്റ് ഒഴിവ്

കേരളസർവകലാശാല അറബി വിഭാഗം നടത്തിവരുന്ന ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് നാലാം ബാച്ചിലേക്ക് ഏതാനും സീറ്റ് ഒഴിവുണ്ട്. താൽപ്പര്യമുള്ളവർ ഡിസംബർ 31 ന് മുമ്പായി നിർദ്ദിഷ്ട അപേക്ഷാഫോമിൽ അപേക്ഷിക്കുക. ഓൺലൈനായാണ് കോഴ്സ് നടത്തുന്നത്. യോഗ്യത: സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്, പ്രിലിമിനറി അറബിക്, മുൻഷി അറബിക്, അറബിക് ടീച്ചേഴ്സ് എക്സാമിനേഷൻ, ഡിഗ്രി (അറബിക് സെക്കന്റ് ഭാഷയായിരിക്കണം), ഓറിയന്റൽ ടൈറ്റിൽ (ആലിം/ഫാളിൽ), ഫീസ്: 6000/, സീറ്റുകൾ 15. വിശദവിവരങ്ങൾ www.arabicku.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ 0471 2308846, 9562722485

തിരുവനന്തപുരം,
28.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**